ആയതിനാൽ വീണ്ടും ആഗോള ടെണ്ടർ വിളിക്കേണ്ടതിന്റെ ആവശ്യകതയില്ല. ഈ മാനദണ്ഡങ്ങളിൽ സർക്കാർ - സ്വകാര്യ വിഹിതം സംബന്ധിച്ച് വ്യക്തതയുണ്ട്.

കണ്ണൂർ വിമാനത്താവള നിർമ്മാണം

125 (126) · ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെൻഡർ ക്ഷണിച്ചതെന്നാണ്;

(ബി) സാങ്കേതിക ബിഡ്ഡിൽ എത്ര സ്ഥാപനങ്ങളാണ് യോഗ്യത നേടിയത്; അവ ഏതെല്ലാം ;

(സി) സാങ്കേതിക ബിഡ്ഡിൽ യോഗ്യത നേടിയ കമ്പനികളുടെ ഫിനാൻഷ്യൽ ബിഡ് തുറന്നതെന്നാണ്;

(ഡി) ഫിനാൻഷ്യൽ ബിഡ്ഡ് അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിച്ചത് ഏത് സ്ഥാപനത്തെയാണ്;

(ഇ) എത്ര കോടി രൂപയുടെ ഏതെല്ലാം പ്രവൃത്തികളാണ് ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനത്തിലെ ഓരോ പ്രവൃത്തിയും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ജി) തയ്യാറാക്കിയിട്ടുള്ള വർക്ക് ഷെഡ്യൂൾ അനുസരിച്ച് ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഓരോന്നും എപ്പോൾ പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന്റെ EPC-1 ഘട്ടത്തിലുൾപ്പെടുന്ന റൺവേ നിർമ്മാണം, അനുബന്ധപ്രവൃത്തികൾ, റോഡുനിർമ്മാണം, ചുറ്റുമതിൽ മുതലായവയുടെ നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിനായി യോഗ്യതയുള്ളവരുടെ അഭ്യർത്ഥനക്കായി ആർ.എഫ്.ക്യു. 2013 ജനുവരി 22-നും ടെർമിനൽ നിർമ്മാണത്തിനുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് യോഗ്യരായവരുടെ RFQ-വിനായി 2014 ഫെബ്രുവരി 5 -നുമാണ് യഥാക്രമം ക്ഷണം പ്രസിദ്ധീകരിച്ചത്.

(ബി) റൺവേയുടെയും അനുബന്ധ പ്രവൃത്തികളുടെയും സാങ്കേതിക ബിഡ്ഡിൽ

LIBRARY ARCHIVES Kerala Legislative Assembly

(ഇ.പി.സി.)-I 8 കമ്പനികൾ യോഗ്യത നേടി. അവ താഴെ പറയുന്നവയാണ്:

1. OGSE "SIBMOST" - GAYATRI
2. GMR - LIMAK
3. ITD CEMENTATION INDIA LIMITED
4. TAV ESSAR
5. EKO - UNITY
6. LARSEN & TOUBRO LTD
7. ISOLUX INGENIERIA S.A.
8. SANJOSE - GAMMON

റൺവേയുടെയും അനുബന്ധ പ്രവർത്തികളുടെയും ഫിനാൻഷ്യൽ ബിഡ് 5 നവംബർ 2013-ന് ഇറന്നു.

ടെർമിനൽ നിർമ്മാണത്തിനുള്ള സാങ്കേതിക ബിഡ്ഡിൽ 3 കമ്പനികൾ യോഗ്യത നേടി.

1. LARSEN & TOUBRO LTD
2. ITD CEMENTATION INDIA LIMITED
3. SHAPORJI PALLONJI & CO. LIMITED

ടെർമിനൽ ബിൽഡിംഗിന്റെ ഫിനാൻഷ്യൽ ബിഡ് 21 ജൂൺ 2014-ന് ഇറന്നു.

(സി) റൺവേയുടെയും അനുബന്ധ പ്രവൃത്തികളുടെയും ഫിനാൻഷ്യൽ ബിഡ് 5 നവംബർ 2013 തീയതിക്ക് ഇറക്കുകയും പ്രവൃത്തി 694 കോടി രൂപയ്ക്ക് L & T (infra) ഡിവിഷനെ ഏൽപ്പിക്കുകയും ടെർമിനൽ നിർമ്മാണത്തിന്റെ ഫിനാൻഷ്യൽ ബിഡ് 21 ജൂൺ 2014 തീയതിക്ക് ഇറക്കുകയും പ്രവൃത്തി 498,69,99,000 രൂപയ്ക്ക് എൽ.&ടി. (ബി&എഫ്) ഡിവിഷനെ ഏൽപ്പിക്കുകയും ചെയ്തു.

(ഡി) റൺവെയുടെ ഫിനാൻഷ്യൽ ബിഡ്ഡ് അംഗീകരിച്ച് എൽ & ടി (infra) കമ്പനിയെയും ടെർമിനൽ ബിൽഡിംഗിന്റെ ഫിനാൻഷ്യൽ ബിഡ് അംഗീകരിച്ച് എൽ. & ടി. (ബി & എഫ്) യെയും ഏൽപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഒന്നാം ഘട്ടത്തിൽ 1192,69,99,000 രൂപയുള്ള നിർമ്മാണ പ്രവൃത്തികളാണ് ഉൾപ്പെടുന്നത്. ഇതിൽ റൺവേ, ഏപ്രൺ, ടാക്സിട്രാക്ക്, പാരലൽ ടാക്സി (പാർട്ട്) അപ്രോച്ച് റോഡ്, ഇന്റേണൽ റോഡ്, ചുറ്റുമതിൽ, ഓപ്പറേഷണൽ വാൾ, സ്റ്റോം വാട്ടർ ഡ്രൈൻ, കാർപാർക്ക്, റൺവെ ലൈറ്റിംഗ്, നാവിഗേഷണൽ ബിൽഡിംഗ്, അപ്രോച്ച് ലൈറ്റ്, ടെർമിനൽ ബിൽഡിംഗ്, കൺട്രോൾ ടവർ, ടെക്നിക്കൽ ബ്ലോക്ക് മുതലായവ ഉൾപ്പെടുന്നു.

(എഫ്) റൺവെയുടെയും അനുബന്ധ പ്രവൃത്തികളുടെയും ആകെ 35% പ്രവൃത്തിയും ടെർമിനൽ ബിൽഡിംഗിന്റെ പ്രവൃത്തിയിൽ മൊത്തം 15% പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ജി) റൺവെയുടെയും അനുബന്ധ പ്രവൃത്തികളുടെയും നിർമ്മാണത്തിന് 30 മാസമാണ് കാലാവധി. 2015 ഡിസംബറിൽ പരിശീലനപറക്കലും 2016 മേയ് മാസത്തിൽ വാണിജ്യാടിസ്ഥാനത്തിലുള്ള സർവ്വീസ് ആരംഭിക്കാനുമാണ് ഉദ്ദേശിക്കുന്നത്. ടെർമിനൽ ബിൽഡിംഗ് നിർമ്മാണം 22 മാസം കൊണ്ട് പൂർത്തീകരിക്കാനാണ് കരാർ വ്യവസ്ഥ. 2016 മേയ് മാസത്തിൽ ടെർമിനൽ ബിൽഡിംഗ് പ്രവൃത്തി പൂർത്തിയാവും.

ബേപ്പൂർ തുറമുഖ വികസന പദ്ധതികൾ

126 (127) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ തുറമുഖ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത തുറമുഖ വികസനത്തിനായി 2011 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിൽ എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ബേപ്പൂർ തുറമുഖ വികസനവുമായി ബന്ധപ്പെട്ട് കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് സർവ്വീസിനെ നിയമിച്ചു. അവർ തയ്യാറാക്കിയ Detailed Feasibility Report സർക്കാർ അംഗീകരിച്ചു. ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തിരുന്നില്ല. ചാലിയം ഭാഗത്തുള്ള ഭൂമി പ്രതിരോധ വകുപ്പുമായി ബന്ധപ്പെട്ട കപ്പൽ രൂപകൽപ്പനാ കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി മാറ്റിവെച്ചതിനാൽ തുറമുഖ വികസനത്തിനായി നിർദ്ദേശങ്ങൾ ലഭിച്ചില്ല. പഴയ വാർഫിനും ഫിഷിംഗ് ഹാർബറിനും ഇടയിൽ വാർഫ് നിർമ്മിക്കുന്നതിന് ലക്ഷദ്വീപ് ഭരണകൂടവുമായി

LIBRARY ARCHIVES Kerala Legislative Assembly